ലിറ്റിൽ കൈറ്റ്സ്  തുടർ പ്രവർത്തന പദ്ധതി

ഹൈടെക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ മികവിന്റെ അംഗീകാരമായി 2019 -20 വർഷംമുതൽ പത്താം തരം പരീക്ഷയെഴുതുന്ന കുട്ടികൾക്ക് 5% ഗ്രേസ് മാർക്ക് അനുവദിക്കുകയുണ്ടായി. ലിറ്റിൽ കൈറ്റ്സിന്റെ ഹൈസ്കൂൾ വിഭാഗം പൂർണ്ണരൂപത്തിൽ പ്രവർത്തിച്ച് തുടങ്ങുന്ന വർഷമാണ് 2020 – 21. അത്കൊണ്ട് ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യങ്ങൾ പരിശോധിച്ച് പ്രവർത്തന പരിപാടികൾ പുനഃക്രമീകരിക്കേണ്ടിയിരിക്കുന്നു. സെപ്റ്റംബർ മാസം മുതൽ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധം ക്രമീകരണങ്ങൾ ഉണ്ടാകണം.

നിലവിലെ സാഹചര്യങ്ങൾ

1. കോവിഡ് മഹാമാരിമൂലം അടഞ്ഞുകിടക്കുന്ന വിദ്യാലയങ്ങൾ
2. ഈ വർഷം മുതൽ മൂന്ന് വ്യത്യസ്ത ബാച്ചുകൾ 8, 9, 10 ക്ലാസുകൾ. മൂന്ന് മേഖലകളിലേക്കും കൃത്യമായ പ്രവർത്തനങ്ങൾ എത്തിക്കണം
3. ഗ്രേഡിംഗ് സംവിധാനം കൂടുതൽ ഫലപ്രദമാക്കണം.
4. അടിയന്തിരമായി നൽകേണ്ട അറിയിപ്പുകൾ

**നിർദ്ദേശങ്ങൾ**

1. വിദ്യാലയങ്ങൾ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ ഒൻപതാം ക്ലാസിനുള്ള എക്സ്പെർട്ട് ക്ലാസും മൂല്യനിർണ്ണയവും ഓൺ ലൈനായി തുടങ്ങാൻ കഴിയുമോ ?
2. ക്ലാസുകൾ തുടങ്ങാനുള്ള സാധ്യതകൾ
    1. ക്ലാസുകൾ ഓൺലൈൻ മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കാൻ കളിയുമോ?
    2. സ്കൂളിലെ ഉപകരണങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് നൽകികൊണ്ട് ക്ലാസുകൾ
    3. ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന അധ്യാപകർക്കുള്ള ഹാൻഡ് ബുക്ക് പരുവപ്പെടുത്തി കുട്ടികൾക്ക് നൽകാമേ?
    4. ഇതോടൊപ്പം വീഡിയോ ട്യൂട്ടോറിയൽ കൂടി നൽകി സ്വതന്ത്ര പഠനം സാധ്യമാണോ ?
    5. കൈറ്റ് മാസ്റ്റർ മിസ്ട്രസ് മാരുടെ പരീശീലനം

3. ഗ്രേഡിംഗ് മാനദണ്ഡത്തിൽ മാറ്റങ്ങൾ വേണം. ഇപ്പോൾ ആകെയുള്ള 500 സ്കോറിൽ കൂടുതലും സ്കൂളിലെ (പ്രാദേശിക) വിലയിരുത്തലിനെ അടിസ്ഥാനമാക്കിയാണ്. അതുകൊണ്ട് വിലയിരുത്തൽ നിർദ്ദേശങ്ങൾ കൃത്യമായി നൽകിയാൽപ്പോലും അപാകതകൾ ഉണ്ടാകുന്നു. ഇതിന് പരിഹാരമായി
    1. ഒൻപതാം ക്ലാസിന്റെ അവസാനമോ പത്താം ക്ലാസിന്റെ തുടക്കത്തിലോ ഒരു ഓൺ ലൈൻ / സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള പരീക്ഷ.

2. എക്സ്പെർട്ട് ക്ലാസുകൾ ഇപ്പോൾ നടക്കുന്ന ഓൺലൈൻ ക്ലാസുകളുടെ മാതൃകയിൽ സംപ്രേഷണം. തുടർന്ന് ഓൺലൈൻ പരീക്ഷ. അല്ലെങ്കിൽ ക്ലാസുകളുടെ വീഡിയോ പാസ്‌വേഡ് പ്രൊട്ടക്ടഡ് ആയി നൽകുകയും ക്ലാസുകൾ കണ്ട ശേഷം നിശ്ചിത സമയത്ത് ഓൺലൈൻ പരീക്ഷ.

3. ഗ്രേഡുകൾ സംബന്ധിച്ച നിർദ്ദേശം

ഇപ്പോൾ പത്താം ക്ലാസിൽ എത്തിയിരിക്കുന്ന ബാച്ച് (2019-21)

| Sl No | Item | Percent | Marks |
|---|---|---|---|
| 1 | Attendance - 25 X 4 | 24 | 120 |
| 2 | Individual project | 20 | 100 |
| 3 | Group project | 12 | 60 |
| 4 | Member as a trainer | 2 | 10 |
| 5 | School camp | 20 | 100 |
| 6 | Sub Dist camp | 4 | 20 |
| 7 | Dist Camp | 4 | 20 |
| 8 | State camp | 4 | 20 |
| 9 | Software based exam | 10 | 50 |
| | Total | | 500 |

ക്യാമ്പ് പങ്കാളിത്തത്തിന്റെ മാർക്ക് ഒഴിവാക്കാമോ? മറ്റ് മൂല്യനിർണ്ണയ മാർഗ്ഗങ്ങൾ

ഈ വർഷം ഗ്രൂപ്പ് പ്രോജക്ടുകൾ എങ്ങനെ നടപ്പാക്കാം.

**ഇപ്പോൾ ഒൻപതാം ക്ലാസിൽ എത്തിയിരിക്കുന്ന ബാച്ച് മുതൽ (2019-22)**

| Sl No | Item | Percentege | Marks |
|---|---|---|---|
| 1 | Attendance 25 X 4 | 20 | 100 |
| 2 | Individual project | 16 | 80 |
| 3 | Group project | 6 | 30 |

| | | | |
|---|---|---|---|
| 4 | Participation as Trainers | 4 | 20 |
| 6 | School camp | 20 | 100 |
| 7 | Expert Class and Evaluation- online 4 X15 | 12 | 60 |
| 8 | Sub Dist camp | 4 | 20 |
| 9 | Dist Camp | 4 | 20 |
| 10 | State camp | 4 | 20 |
| 11 | Software based exam | 10 | 50 |
| | Total | 100 | 500 |

എല്ലാ എംടിമാരുടേയും അഭിപ്രായങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതും കരട് നിർദ്ദേശങ്ങൾ ജില്ലാതലത്തിൽ എംടിമാർ കൂടിയിരുന്ന് ചർച്ച ചെയ്ത് അവശ്യമായ കൂട്ടിച്ചേർക്കലുകൾ വരുത്തി റിപ്പോർട്ട് 2020 സെപ്റ്റംബർ 9 നകം അയക്കേണ്ടതാണ്.